(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് കാർഷിക വായ്പയെടുത്തയാൾ തിരിച്ചടവ് കാലയളവിൽ മരിച്ചാൽ അയാളുടെ കടബാധ്യത ഏറ്റെടുക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി എന്നുമുതൽ നിലവിൽ വന്നു എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് എത്ര കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്; പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

k l I eW hpv X pIapJ hpv h I p; pa{´ n (ശ്രീ. എം. വി. രാഘവൻ):

(എ) കാർഷിക വായ്പയെടുത്ത് തിരിച്ചടവ് കാലയളവിൽ വായ്പയെടുത്തവർ മരണപ്പെട്ട് പോവുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പകളിൽ പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്ന റിസ്ക് ഫണ്ട് പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) 2005 ഏപ്രിൽ ഒന്നു മുതൽ മുൻകാലപ്രാബല്യത്തോടെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) തൻവർഷത്തെ ബഡ്ജറ്റിൽ 2.39 കോടി രൂപ 'റിസ്ക് ഫണ്ട്' പദ്ധതിയടക്കമുള്ള പദ്ധതികൾക്ക് വകയിരുത്തിയിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ

20(*196) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ ഘട്ടം ഘട്ടമായി സംസ്ഥാന വ്യാപകമാക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സമ്പൂർണ്ണ ശുചിത്വ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) കേരളത്തിലെ ഏതെല്ലാം ജില്ലകളാണ് ഇതിനകം സമ്പൂർണ്ണ ശുചിത്വ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; സംസ്ഥാന ഗവൺമെന്റ് തന്നാണ്ടിൽ എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്; വകയിരുത്തിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഘട്ടം - 1

ഇന്ത്യയിലെ എല്ലാ ജില്ലകളിലും ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതിയാണിത്. കൊല്ലം കാസർകോട് ജില്ലകൾ : 15-1-2001-ന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചു. 2001-2002 മുതൽ നടപ്പാക്കിവരുന്നു.

ഘട്ടം - 2

തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, വയനാട് ജില്ലകൾ: 13-2-2002-ന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചു. 2002-2003 മുതൽ നടപ്പാക്കി വരുന്നു.

ഘട്ടം - 3

പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകൾ: 24-3-2003-ന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചു. 2003-2004 മുതൽ നടപ്പാക്കിവരുന്നു.

ഘട്ടം - 4

കോട്ടയം ജില്ല 20-12-2005-ന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചു. പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഗ്രാമീണ ജീവിത നിലവാരം ഉയർത്തുന്നതിനായി ജന കേന്ദ്രീകൃതമായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ വ്യക്തിഗത കക്കൂസ്. സ്കൂൾ/അംഗനവാടി കക്കൂസുകൾ, സമൂഹ ശുചിത്വ സമുച്ചയം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിടിട്ടുള്ളത്. കേന്ദ്രർക്കാർ 6099 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 2724 ലക്ഷം രൂപയും ചെലവഴിക്കുന്ന പദ്ധതിയാണിത്. (13 ജില്ലകൾ)

(സി) കേരളത്തിലെ 13 ജില്ലകളിൽ (കോട്ടയം ഒഴികെ) ഈ പദ്ധതി പൂർണ്ണമായും നടന്നുവരുന്നു.

(ഡി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. (ഇതേവരെ 3567.51 ലക്ഷം രൂപ) ഈ വർഷം ഈ പദ്ധതിയിലേക്കായി സംസ്ഥാന വിഹിതമായി 322.63 ലക്ഷം രൂപ വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഈ വർഷം ഈ പദ്ധതിയിലേക്കായി സംസ്ഥാനം 371.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly